**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1996** **29-09-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നിലവിൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളായ മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി, മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് , പുനർഗേഹം പദ്ധതി, മത്സ്യ ബന്ധന വള്ളങ്ങൾക്ക് ഐസ് ബോക്സ് ,സേഫ്റ്റി കിറ്റ് എന്നിവ വർക്കല മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു . കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളായ മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ്, ഫർണിച്ചർ, മത്സ്യ കച്ചവടക്കാർക്ക് ടൂ വീലർ, ഐസ് ബോക്സ്, മത്സ്യ ബന്ധന തൊഴിലാളികൾക്ക് മത്സ്യബന്ധന വല , പഴയ വല മാറ്റി പുതിയത് നൽകുന്ന പദ്ധതി , FRP കട്ടമരം ,PVC വാട്ടർ ടാങ്ക് എന്നിവ നൽകുന്ന പദ്ധതികൾ വർക്കല മണ്ഡലത്തിൽ നടപ്പാക്കി വരുന്നു. കൂടാതെ ജില്ലാപഞ്ചായത്ത് പദ്ധതികളായ പട്ടുതാ കുളങ്ങളിലെ മത്സ്യ കൃഷി, മത്സ്യ സെന്റർ എന്നിവയും നടപ്പിലാക്കുന്നു.<br><br>സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെയും, അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെയും ക്ഷേമവും, സാമൂഹിക / സാമ്പത്തിക സുരക്ഷിതത്വവും, ഉറപ്പുവരുത്തുന്നതിനായി വിവിധ ക്ഷേമപദ്ധതികൾ മത്സ്യബോർഡ് നടപ്പിലാക്കുന്നുണ്ട്. മത്സ്യതൊഴിലാളികൾക്കായി 16-ഉം, അനുബന്ധ തൊഴിലാളികൾക്കായി 15-ഉം ക്ഷേമ പദ്ധതികളും പ്രത്യേക പദ്ധതികളും, മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കുമായി പുതുതായി 14 പദ്ധതികളും ബോർഡ് നടപ്പിലാക്കുന്നുണ്ട്. മത്സ്യബോർഡ് നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഫലം വർക്കല നിയോജക മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നവയാണ്. |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു.<br><br>**പ്രത്യേക പദ്ധതികൾ**<br><br>**1. തണൽ**<br><br>സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി / അനുബന്ധ ത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ. ഫിഷറീസ്-തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും 1,350/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു.<br><br>**2. സാന്ത്വനതീരം**<br><br>മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ ത്തൊഴിലാളികളുടെയും, പെൻഷണർമാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച നടപ്പാക്കുന്ന പദ്ധതിയാണ് സാന്ത്വനതീരം പദ്ധതി. ഈ പദ്ധതി പ്രകാരം ഡയാലിസിസ്, കാൻസർ ചികിൽസ, തളർവാതം / കിടപ്പുരോഗം, സ്ത്രീ സംബന്ധമായ രോഗങ്ങൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയക്കുശേഷം ഉള്ള ചികിൽസ, കരൾ രോഗത്തിനുള്ള ചികിൽസ, ഓട്ടിസം / മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ചികിൽസ എന്നിവയ്ക്കുള്ള തുടർ ചികിൽസ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്. വിശദവിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു.<br><br>മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള പുതിയ പദ്ധതികൾ അനുബന്ധം - 3 ആയി ചേർക്കുന്നു. |
| (ബി) | വർക്കല മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനോപകരണങ്ങളും വീടും കാലവർഷക്കെടുതിയിൽ നശിച്ചുപോയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ആയവ പുനർ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | (ബി) | വർക്കല ചിലക്കൂർ ഭാഗത്ത് 12-6-2024 ൽ ഉണ്ടായ ശക്തമായ ചുഴലിക്കാറ്റിൽ ചിലക്കൂർ ഫിഷർമെൻ കോളനിയിലെ വീടുകൾക്ക് നാശനഷ്ടമുണ്ടായിട്ടുള്ളതാണ്. കോളനിയിലെ ആകെയുള്ള 33 വീടുകളിൽ 17 വീടുകൾക്കാണ് പുനർനിർമാണം ആവശ്യമായിട്ടുള്ളത്. കോളനിയുടെ പുനർനിർമ്മാണത്തിനായി കോളനി ഭവനങ്ങളുടെ പുനർ നിർമാണ പദ്ധതിയിലുൾപ്പെടുത്തി സർക്കാർ മാർഗ നിർദേശം അനുസരിച്ച് 4 ലക്ഷം രൂപയ്ക്ക് |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് നേരിട്ട് പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോ എന്നന്വേഷിച്ചുവെങ്കിലും ടി തുകയ്ക്ക് ആയത് ചെയ്യുവാൻ കോളനി നിവാസികൾ തയ്യാറായിട്ടില്ല. ആയതിനാൽ CMDRF ൽ നിന്നും ഫണ്ട് കണ്ടെത്തി ടി കോളനി നവീകരണം നടത്താനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 1

| മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ | | |
|---|---|---|
| ക്രമ നം. | പദ്ധതിയുടെ പേര് | ധനസഹായ തുക (രൂപ) |
| 1 | അപകട ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി | 10,00,000/- |
| 2 | മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതി. | 1,00,000/- |
| 3 | വിവാഹ ധനസഹായ പദ്ധതി | 25,000/- |
| 4 | മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി | 2,000/- |
| 5 | വാർദ്ധക്യകാല പെൻഷൻ | മാസം 1,600/- |
| 6 | അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്കുള്ള ധനസഹായ പദ്ധതി | 500/- |
| 7 | മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി | 15,000/- |
| 8 | എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് | 5,000/- (പരമാവധി) |
| 9 | കുടുംബ സംവിധാന പദ്ധതി | 500/- |
| 10 | മാരകരോഗ ചികിൽസാ പദ്ധതി | 50,000/- (പരമാവധി) |
| 11 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5,000/- |
| 12 | പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി | 750/- |
| 13 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി. ഹയർ സെക്കന്ററി (+2) വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം. | 5,000/- (പരമാവധി) |
| 14 | വിധവ പെൻഷൻ | മാസം 1,600/- |
| 15 | കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി | 1,000/- മുതൽ 10,000/- വരെയാണ്. |
| 16 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് തീരുമാന പ്രകാരം (പരമാവധി 50,000/-) |

| അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതികൾ | | |
|---|---|---|
| ക്രമ നം. | പദ്ധതിയുടെ പേര് | ധനസഹായ തുക ( രൂപ) |
| 1 | അപകട ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി | 10,00,000/- |

| | | |
|---|---|---|
| 2 | വാർദ്ധക്യകാല പെൻഷൻ | 1,600/- |
| 3 | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി | 15,000/- |
| 4 | പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി | 750/- |
| 5 | എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് | 5,000/- |
| 6 | മാരകരോഗ ചികിൽസാ പദ്ധതി | 25,000/- |
| 7 | അനുബന്ധത്തൊഴിലാളികളുടെ മക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി | 25,000/- |
| 8 | കുടുംബ സംവിധാന പദ്ധതി | 500/- |
| 9 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി . ഹയർ സെക്കന്ററി (+2) വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കുംA+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം | 5,000/- |
| 10 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് തീരുമാന പ്രകാരം |
| 11 | തൊഴിൽ ചെയ്യുന്നതിനിടയിൽ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണം കൊണ്ട് ഉണ്ടാകുന്ന മരണം | 1,00,000/- |
| 12 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ച ചെലവിനുള്ള ധന സഹായം | 2000/- |
| 13 | അപകടം മൂലം ഉണ്ടാകുന്ന താൽക്കാലിക അവശത | 500/- |
| 14 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5000/- |
| 15 | കായിക വിനോദ മത്സരങ്ങളിൽ വിജയം നേടിയവർക്ക് പ്രോത്സാഹന പദ്ധതി | 10,000/- |
| 16 | പെണ്മക്കളുടെ വിവാഹ ധനസഹായം (അനുബന്ധ തൊഴിലാളികളുടെ 2 പെണ്മക്കൾക്ക്) | 25,000/- |

**അനുബന്ധം – 2**

| ക്രമ നം. | രോഗചികിൽസ | ധനസഹായ തുക |
|---|---|---|
| 1 | ഹൃദ്രോഗം | 50,000/– രൂപ |
| 2 | വൃക്കരോഗം/ ഡയാലിസിസ് | 50,000/– രൂപ |
| 3 | കരൾരോഗം | 20,000/– രൂപ |
| 4 | കാൻസർ | 50,000/– രൂപ |
| 5 | കണ്ണ് ചികിൽസ | 25,000/– രൂപ |
| 6 | സ്ട്രോക്ക്, തളർവാതം,കിടപ്പുരോഗം | 20,000/– രൂപ |
| 7 | മത്സ്യബന്ധന വേളയിൽ കൈകാലുകൾ മുറിഞ്ഞ് പോകുന്ന അവസ്ഥ | 10,000/– രൂപ |
| 8 | ഓട്ടിസം ചികിത്സ (മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക്) | 10,000/– രൂപ |
| 9 | ഗർഭാശയ സംബന്ധമായ രോഗം (സ്ത്രീ മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി) | 10,000/– രൂപ |

## അനുബന്ധം – 3

## സർക്കാർ അംഗീകരിച്ചിട്ടുള്ള പുതിയ പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | ധനസഹായ തുക (രൂപ) |
|---|---|---|
| 1 | സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി | 1,00,000/– |
| 2 | ക്ഷേമനിധി അംഗങ്ങളുടെ ഭാര്യയ്ക്കും ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിൽസാ സഹായം നൽകുന്നതിനുള്ള പദ്ധതി | 25,000/– |
| 3 | ഗ്രന്ഥശാല / വായനശാല നവീകരിക്കുന്നതിനുള്ള പദ്ധതി | 20,000/– ( 54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 4 | മത്സ്യബോർഡിനു വേണ്ടി രക്ഷാസേന രൂപീകരിക്കൽ | 5,000/– ( 54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 5 | മത്സ്യ, അനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി | 15,000/–(14 ജില്ലകൾക്ക്) |
| 6 | മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി | 1,00,000/– (പരമാവധി) |
| 7 | കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി | 50,000/– |
| 8 | അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാചെലവിനായി ധന സഹായം നൽകുന്ന പദ്ധതി | 1,00,000/– |
| 9 | അംഗവൈകല്യമുള്ള തൊഴിലാളികൾക്ക് തൊഴിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ധനസഹായം | 25,000/– |
| 10 | 60 വയസ്സ് കഴിഞ്ഞവരെ (പെൻഷണർമാരെ) ആദരിക്കുന്നതിനുള്ള പദ്ധതി | 10,000/– (54 ഫിഷറീസ് ഓഫീസുകൾക്ക്) |
| 11 | പ്രതിഭകളെ ആദരിക്കുന്ന പദ്ധതി | 40,000/– |

| | | |
|---|---|---|
| | | (14 ജില്ലകൾക്കും) |
| 12 | ചെയർമാന്റെ ദുരിതാശ്വാസ നിധി | 25,000/- (പരമാവധി) |
| 13 | ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ. | ബോർഡ് തീരുമാന പ്രകാരം |
| 14 | യൂണിവേഴ്സിറ്റി നടത്തുന്ന ബിരുദ ബിരുദാനന്തര പരീക്ഷകളിൽ ആദ്യ മൂന്ന് റാങ്ക് നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി | 10,000/- (പരമാവധി) |